എക്സിക്യൂട്ടീവ് കമ്മിറ്റി

1	ചെയർമാൻ, ശാസ്ത്രസാങ്കേതിക കമ്മിറ്റി	(ചെയർമാൻ)
2	സാമ്പത്തിക വികസന കമ്മീഷണർ	മെമ്പർ
3	പ്രൊഫസർ, ജെ. റ്റി. പണിക്കർ, പ്രൊഫസർ സിവിൽ എഞ്ചിനീയറിംഗ് ഐ. ഐ. റ്റി. ബോംബേ	,,
4	ശ്രീ. കെ. ശങ്കരനാരായണൻ, മുൻകൃഷി വകുപ്പുമന്ത്രി	,,
5	സെൻറിന്റെ എക്സിക്യൂട്ടീവ് ഡയറക്ടർ	മെമ്പർ

(എഫ്)

1977–78	3	ലക്ഷം
1978–79	35	,,
1979–80	47	,,
1980–81	99	,,
1981 82	75	,,
1982–83	75	,,
1983–84	75	,,
1984–85	72	,,
ആകെ	481	ലക്ഷം

ഇടച്ചേരി പഞ്ചായത്തിലെ തുരുത്തി എന്ന സ്ഥലം വെള്ളപ്പൊക്കത്തിൽ നിന്നും രക്ഷിക്കാൻ നടപടി

1335. [1807] ശ്രീ. കെ. ടി. കണാരൻ : താഴെ കാണുന്ന ചോദ്യത്തിന് ജലസേചന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

വർഷകാലങ്ങളിൽ എല്ലാകൊല്ലവും വെള്ളപ്പൊക്കത്തിന്റെ കെടുതികൾ ആയിരിക്കാവുന്ന എടച്ചേരി പഞ്ചായത്തിലെ തുരുത്തി എന്ന പ്രദേശത്ത് ജനങ്ങൾക്കു വെള്ളപ്പൊക്കത്തിൽ നിന്നും സംരക്ഷണം നൽകാൻ ഒരു പ്രത്യേക അന്വേഷണം നടത്തി ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

മാഹി പുഴയുടെ കരയിലുള്ള തുരുത്തി എന്ന പ്രദേശം മൂന്നുവശവും പുഴയാൽ ചുറ്റപ്പെട്ടതാണ്. ആയതിനാൽ ഈ പ്രദേശത്ത് വെള്ളപ്പൊക്ക നിവാരണത്തിനുള്ള ബണ്ട് കെട്ടാൻ സാദ്ധ്യമല്ലാത്ത അവസ്ഥയാണുള്ളത്. മാഹിയുടെ പുഴയുടെ അഴിമുഖത്തിന് ഇപ്പോൾ വെള്ളം പോകുന്നതിന് യാതൊരു തടസ്സവുമില്ല. തുരുത്തി എന്ന പ്രദേശം മണ്ണിട്ടു നികത്തിയാലെ ഈ പ്രദേശത്തെ വെള്ളപ്പൊക്കത്തിൽ നിന്ന് രക്ഷിക്കാൻ കഴിയു. ഇപ്പോൾ കര സംരക്ഷണത്തിനായി ഒരു പണി നടന്നുകൊണ്ടിരിക്കുന്നു. ഇതുമായി ബന്ധപ്പെട്ട ഒരു പണി തീർന്നു കഴിഞ്ഞു. സാമ്പത്തിക ലഭ്യതയനുസരിച്ച് മറ്റ് രണ്ട് പണികൾ കൂടി ഏറ്റെടുക്കാൻ നടപടി എടുത്തുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly